# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 861

12/06/2013-ൽ മറുപടിയ്ക്ക്

## പുലമൺ തോടു നവീകരണം

**ചോദ്യം**
**ശ്രീമതി. പി. അയിഷാ പോറ്റി**

**മറുപടി**
**ശ്രീ. പി.ജെ. ജോസഫ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

എ) കൊട്ടാക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പുലമൺ തോടു നവീകരണ പ്രവൃത്തിയുടെ ടെണ്ടർ നടപടി ക്രമങ്ങൾ ആരംഭിച്ചത് എന്നാണ്;

എ) കൊട്ടാക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന പുലമൺ തോടു നവീകരണ പ്രവൃത്തിയുടെ പ്രീക്വാളിഫിക്കേഷൻ ടെണ്ടർ നടപടി ക്രമങ്ങൾ 21/06/12-ൽ ആരംഭിച്ചു.

ബി) പ്രസ്തുത ടെണ്ടർ നടപടി ക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി)യും (സി)യും 21/06/12-ലെ പ്രീകോളിഫിക്കേഷൻ ടെണ്ടറിന് പ്രതികരണമില്ലാത്തതു കാരണം 20/08/12-ൽ വീണ്ടും പ്രീക്വാളിഫിക്കേഷൻ ടെണ്ടർ വിളിക്കുകയുണ്ടായി. ഇതിൽ ഒരു ടെണ്ടർ Document ലഭിക്കുകയും പ്രസ്തുത കരാറുകാരനെ 21/11/12-ൽ കൂടിയ പ്രീക്വാളിഫിക്കേഷൻ കമ്മിറ്റി പ്രീ-ക്വാളിഫൈ ചെയ്യുകയും ചെയ്തു.. പ്രസ്തുത കരാറുകാരൻ 40% അധികം നിരക്ക് ക്വാട്ട് ചെയ്തതായിട്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർ, MI Circle, Thiruvananthapuram അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 43/99/ഐ.ആർ.ഡി തീയതി 09/06/1999 പ്രകാരം പ്രീക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ചുരുങ്ങിയത് നാല് പ്രീക്വാളിഫിക്കേഷൻ കരാറുകാർ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ

| | |
|---|---|
| | 19/08/പി.ഡബ്ല്യൂ.ഡി തീയതി 07/04/2008 പ്രകാരം ഡബിൾ എൻവലപ്മെന്റ് സിസ്റ്റം സ്വീകരിച്ചിട്ടുള്ള പ്രവൃത്തികൾക്ക് 4 പ്രീക്വാളിഫിക്കേഷൻ കരാറുകാർ വേണമെന്ന് നിർബന്ധമില്ല എന്നു പറഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനം സർക്കാർ പരിശോധിച്ചു വരുന്നു. |
| സി) പ്രസ്തുത ടെണ്ടർ നടപടി ക്രമങ്ങൾ അടിയന്തിരമായി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ